## പതിനാലാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2375** **12.06.2018-ൽ മറുപടിയ്ക്ക്**

**കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീം പ്രകാരമുള്ള സേവനം ഉറപ്പാക്കാൻ നടപടി**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെട്ട ചില സ്വകാര്യ ആശുപത്രികൾ രോഗികൾക്ക് ഈ പദ്ധതി പ്രകാരമുള്ള ചികിത്സ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ആശുപത്രികൾക്കെതിരെ എന്ത് നിയമ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | ചികിത്സയിനത്തിൽ ആശുപത്രികൾക്ക് തുക കൊടുത്തുതീർക്കാനുണ്ടെങ്കിൽ പ്രശ്നം പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | സ്വകാര്യ ആശുപത്രികളിൽ നിന്നും ലഭിച്ച ക്ലയിമുകൾ, നടപടി ക്രമം പൂർത്തിയാക്കി വിതരണം നടത്തി വരുന്നു. |
| (സി) | കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ആശുപത്രികളിലും കർശനമായി ഇതിന്റെ സേവനം ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | കാരുണ്യ ബനവലൻറ് ഫണ്ട് പദ്ധതിയുമായി കരാറിലേർപ്പെട്ട സ്വകാര്യ ആശുപത്രികളിലെ ഫണ്ട് വിനിയോഗവും കരാർ വ്യവസ്ഥകൾ പാലിക്കുന്നതും സംബന്ധിച്ച പരിശോധനയ്ക്കായി സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ ഇൻറേണൽ ഓഡിറ്റ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, കാരുണ്യ ബനവലൻറ് ഫണ്ടിലെ ഉദ്യോഗസ്ഥരും ആശുപത്രികളിൽ പരിശോധന നടത്തുന്നുണ്ട്. സർക്കാർ ആശുപത്രികളിലെ ചികിത്സാ നിരക്ക് ഏകീകരിക്കുന്നതിനും പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിലെ ചികിത്സാ പാക്കേജ് നിരക്ക് പരിഷ്കരിക്കുന്നതിനും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ചെയർപേഴ്സൺ ആയിട്ടുള്ള കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ